# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 881 — 30.01.2019-ൽ മറുപടിയ്ക്ക്.

## ക്ഷീര മേഖലയിൽ വയനാട് ജില്ലയിൽ നടപ്പിൽ വരുത്തിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീര മേഖലയിൽ വയനാട് ജില്ലയിൽ നടപ്പിൽ വരുത്തിയ പദ്ധതികൾ എന്തെല്ലാമാണ്; മണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ നൽകാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരമേഖലയിൽ വയനാട് ജില്ലയിലെ മണ്ഡലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പ്രളയാനന്തരം പാലുല്പാദന മേഖലയിൽ ഇടിവ് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പ്രളയാനന്തരം പാലുല്പാദന മേഖലയിൽ സംഭവിച്ച ഇടിവ് പരിഹരിക്കുന്നതിനായി ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കി വരുന്നു. കൂടാതെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റയും വൈക്കോലും വിതരണം ചെയ്തിട്ടുണ്ട്. ക്ഷീരസഹകരണ സംഘങ്ങളുടെയും സന്നദ്ധ സംഘങ്ങളുടെയും സഹകരണത്തോടെ നിരവധി ധനസഹായ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പ്രളയം മുഖേന നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനായി മിൽമ സംസ്ഥാന സർക്കാർ മുഖേന കേന്ദ്രസർക്കാരിന് സമർപ്പിച്ച 54.84 കോടി രൂപയുടെ പദ്ധതിയിൽ 44.03 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകുകയുണ്ടായി. ഇതിൽ 33.03 കോടി രൂപ കേന്ദ്ര സർക്കാർ ഗ്രാന്റും ബാക്കി ഏകദേശം 11 കോടി രൂപ മിൽമയുമാണ് ചെലവഴിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ 2 വർഷം കൊണ്ട് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) പ്രളയത്തിൽ വയനാട് ജില്ലയിലെ ക്ഷീരമേഖലയിൽ എത്ര രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ? | (സി) പ്രളയത്തിൽ വയനാട് ജില്ലയിലെ ക്ഷീരമേഖലയിൽ ആകെ 10,88,31,000 /- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## ക്ഷീരമേഖലയിൽ വയനാട് ജില്ലയിൽ നടപ്പിൽ വരുത്തിയ പദ്ധതിയുടെ വിവരങ്ങൾ

| വർഷം | പദ്ധതികൾ | അടങ്കൽ |
|---|---|---|
| 2016-17 | ഗ്രാമീണ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ | 14,90,000 |
| | തീറ്റപ്പുൽകൃഷി വികസനം | 28,88,000 |
| | ക്ഷീരസംഘങ്ങളുടെ നവീകരണം | 1,14,84,835 |
| | മിൽക്ക്ഷെഡ് ഡവലപ്മെന്റ് പദ്ധതി | 1,64,42,500 |
| | ഗുണനിയന്ത്രണ ലാബ് ശാക്തീകരണം | 11,77,500 |
| | കാലിത്തീറ്റ ധനസഹായം | 1,48,58,466 |
| Total | | **48,341,301** |
| 2017-18 | ഗ്രാമീണ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ | 7,87,000 |
| | തീറ്റപ്പുൽകൃഷി വികസനം | 33,24,576 |
| | ക്ഷീരസംഘങ്ങളുടെ നവീകരണം | 1,07,63,117 |
| | മിൽക്ക്ഷെഡ് ഡവലപ്മെന്റ് പദ്ധതി | 1,63,67,800 |
| | ഗുണനിയന്ത്രണ ലാബ് ശാക്തീകരണം | 13,22,935 |
| | കാലിത്തീറ്റ ധനസഹായം | 25,00,000 |
| | വയനാട് ജില്ലയിലെ പ്രത്യേക സമഗ്ര ക്ഷീരവികസന പദ്ധതികൾ | 6,07,000 |
| | | **35672428** |
| 2018-19 | ഗ്രാമീണ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ | 11,25,500 |
| | തീറ്റപ്പുൽകൃഷി വികസനം | 29,21,035 |
| | ക്ഷീരസംഘങ്ങളുടെ നവീകരണം | 1,03,33,500 |
| | മിൽക്ക്ഷെഡ് ഡവലപ്മെന്റ് പദ്ധതി | 2,28,83,600 |
| | ഗുണനിയന്ത്രണ ലാബ് ശാക്തീകരണം | 6,63,000 |
| | കാലിത്തീറ്റ ധനസഹായം - DBT | 21,05,000 |
| | വയനാട് ജില്ലയിലെ പ്രത്യേക സമഗ്ര ക്ഷീരവികസന പദ്ധതികൾ | 25,00,000 |
| **Total** | | **4,25,31,635** |

**സെക്ഷൻ ഓഫീസർ**

## ജില്ലയിലെ വിവിധ നിയോജക മണ്ഡലങ്ങൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| വർഷം | | പദ്ധതികൾ | ചെലവഴിച്ച തുക | | |
|---|---|---|---|---|---|
| | | | കൽപ്പറ്റ | സുൽത്താൻ ബത്തേരി | മാനന്തവാടി |
| 2016-17 | 1 | ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 5,59,100 | 3,75,750 | 3,30,375 |
| | 2 | തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ | 8,07,875 | 3,25,250 | 6,15,375 |
| | 3 | ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി | 17,58,483 | 3,85,644 | 19,44,408 |
| | 4 | മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം | 62,50,300 | 35,77,300 | 66,14,300 |
| | | Total | 93,75,758 | 46,63,944 | 95,04,458 |
| 2017-18 | 1 | ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 1,72,250 | 35,500 | 1,68,250 |
| | 2 | തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ | 9,81,841 | 7,03,144 | 9,49,591 |
| | 3 | ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി | 20,52,095 | 2,46,000 | 19,83,952 |
| | 4 | മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം | 66,14,000 | 28,11,600 | 67,57,000 |
| | 5 | വയനാട് ജില്ലയിലെ പ്രത്യേക സമഗ്ര ക്ഷീരവികസന പദ്ധതികൾ | 8,81,385 | 7,37,230 | 8,81,385 |
| | | Total | 1,07,01,571 | 45,33,474 | 1,07,40,178 |
| 2018-19 | 1 | ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 2,34,750 | 95,500 | 2,46,250 |
| | 2 | തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ | 9,88,900 | 3,88,000 | 7,08,135 |
| | 3 | ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി | 29,04,000 | 5,66,000 | 41,29,000 |
| | 4 | മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം | 96,07,900 | 34,66,000 | 98,09,500 |
| | 5 | വയനാട് ജില്ലയിലെ പ്രത്യേക സമഗ്ര ക്ഷീരവികസന പദ്ധതികൾ | 7,88,415 | 5,05,390 | 7,68,195 |
| | | Total | 1,45,23,965 | 50,20,890 | 1,56,61,080 |

സെക്ഷൻ ഓഫീസർ